മുദ്രകൾ

# ക്ഷമ ചോദിച്ചാൽ മായുമോ ഈ കൊടുംപാതകം?

**ഇത്** ക്ഷമ ചോദിക്കലുകളുടെ കാലം. ആദ്യം ക്ഷമ ചോദിക്കാനെത്തിയത് ഗോൾഫ് സൂപ്പർസ്റ്റാർ ടൈഗർ വുഡ്സ്. മൈതാനത്തിന് പുറത്ത് കാഴ്ച വെച്ച ചില കിടലൻ (ലൈംഗിക) കളികളാണ് ടൈഗറിനെ കുടുക്കിയത്. ക്ഷമ ചോദിച്ച് കരഞ്ഞു പിടിച്ചിട്ടും ഈ കറുത്ത പയ്യനെ വെള്ള മീഡിയ വിടുന്ന ലക്ഷണമില്ല. വെള്ളക്കാരന്റെ സ്വന്തം കളിയായ ഗോൾഫിൽ കിരീടമഴിക്കാത്ത രാജാവായി ഒരു കറുത്ത വർഗക്കാരൻ കസറുന്നത് അവർ എങ്ങനെ സഹിക്കും. കളിയിൽ തോൽപ്പിക്കാനായില്ലെങ്കിലും കളിക്കളത്തിന് പുറത്ത് വെച്ച് തോൽപിക്കാമല്ലോ.




പിന്നെ വരുന്നു പോപ്പ് ബെനഡിക്ട് പതിനാറാമൻ. ചില പുരോഹിതന്മാർ കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്നുണ്ടെന്ന് അറിവ് കിട്ടിയിട്ടും അവർക്കെതിരെ അദ്ദേഹം നടപടിയെടുത്തില്ല എന്നാണ് ആരോപണം. പഴയ കഥകളാണ്. ഇനിയിപ്പോൾ ക്ഷമ ചോദിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ല.

ഇറാഖിൽ 2007-ൽ നടന്ന ഒരു സംഭവത്തിന്റെ പേരിൽ അമേരിക്കൻ പ്രസിഡന്റ് ബാറാക് ഒബാമ ക്ഷമ ചോദിക്കേണ്ടിവരുമോ എന്ന ചർച്ചയിലാണിപ്പോൾ മീഡിയ. പതിനഞ്ച് ഇറാഖി സിവിലിയന്മാരെ (ഇവരിൽ രണ്ട് കുട്ടികളുമുണ്ട്) ഒരു കാരണവുമില്ലാതെ അമേരിക്കൻ സൈനികർ വെടിവെച്ചു വീഴ്ത്തുന്ന ഞെട്ടിക്കുന്ന ഒരു വീഡിയോ ചിത്രം ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. wikiLeaks.org ആണ് 38 മിനിറ്റ് നീളുന്ന ഈ ഭീകരദൃശ്യം പുറത്ത് വിട്ടിരിക്കുന്നത്. അപ്പാച്ചെ ഹെലികോപ്ടറിൽ ഘടിപ്പിച്ച തോക്കിൻ കുഴലിന്റെ പള്ളയിലായിരുന്നു കാമറ. ദൃശ്യങ്ങൾ മാത്രമല്ല, സൈനികരുടെ പരിഹാസം കലർന്ന സംഭാഷണങ്ങളും അതപ്പടി പിടിച്ചെടുത്തിട്ടുണ്ട്. സംഭവം 'അബദ്ധം', 'കൊളേറ്ററൽ ഡാമേജ്' എന്നിവയുടെ പട്ടികയിൽ ഒരു നിലക്കും വരവ് വെക്കാനാവില്ലെന്ന് ചുരുക്കം.

ഇനി സംഭാഷണം ശ്രദ്ധിക്കൂ:

ഒരു പട്ടാളക്കാരൻ: Light 'em all up (എല്ലാറ്റിനെയും ചുട്ടുകളയൂ)

"Ah, Yeah, look at those dead b****s" (ചത്തു കിടക്കുന്ന ഈ തന്തയില്ലാത്തവരെ നോക്കൂ)

"Nice" മറ്റൊരാളുടെ കമന്റ്.

കൊല്ലപ്പെട്ടവരിൽ രണ്ട് കുട്ടികളുണ്ടെന്ന് കണ്ട് മറ്റൊരാൾ ആലോചനയിലാണ്ടു:

"Well, it's their fault bringing their kids into the battle" (സ്വന്തം കുട്ടികളെ യുദ്ധക്കളത്തിലേക്ക് കൊണ്ടുവന്നത് അവരുടെ പിഴ). ■

# സഹായ ഹസ്തവുമായി ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷൻ



■ മുനവ്വറലിയുടെ കുടുംബത്തോടൊപ്പം മൗലാനാ സഊദി ഫലാഹി (വലത്ത്)

**ഞങ്ങളെ** ഒന്ന് കൊന്ന് തരണം - ഒരു ഗതിയുമില്ലെന്ന് വന്നപ്പോൾ ആ പാവപ്പെട്ട മനുഷ്യൻ ഇന്ത്യൻ യൂനിയൻ പ്രസിഡന്റ് പ്രതിഭാ പാട്ടീലിന് എഴുതി. അതിന്റെ കോപ്പികൾ ഉത്തർപ്രദേശ് ഗവർണർ ബി.എൻ ജോഷിക്കും മുഖ്യമന്ത്രി മായാവതിക്കും മാഉ ജില്ലാ അധികാരികൾക്കും അയച്ചു. ദയാവധത്തിന് അപേക്ഷിച്ചുകൊണ്ട് കത്തെഴുതിയത് മുനവ്വർ അലി എന്ന അറുപതുകാരനാണ്. അദ്ദേഹത്തിന്റെ ഭാര്യ റുബീന. ഇവർക്ക് അഞ്ച് മക്കളുണ്ട്. അഞ്ച് പേർക്കും കണ്ണിന് കാഴ്ചയില്ല. ദുരിതപൂർണമായിരുന്നു തുടക്കം മുതലേ ജീവിതം. ഭക്ഷണത്തിനു പോലും വക കണ്ടെത്താൻ കഴിയാതെ വന്നപ്പോഴാണ് ആ പിതാവ് ദയാവധത്തിനായി കേണത്.

ഈ ദുരിത കഥ കേട്ടറിഞ്ഞാണ് ജമാഅത്തെ ഇസ്‌ലാമി ഉത്തർപ്രദേശ് (ഈസ്റ്റ്) ഘടകം അധ്യക്ഷൻ മൗലാനാ വലിയുല്ല സഊദി ഫലാഹിയും സംഘവും മാഉ ജില്ലയിൽ മുനവ്വർ അലിയും അദ്ദേഹത്തിന്റെ അന്ധരായ അഞ്ചു മക്കളും താമസിക്കുന്ന കുടിലിൽ എത്തിയത്. കുടുംബത്തിന്റെ ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം ഉൾപ്പെടെ മുഴുവൻ ചെലവുകളും 'വിഷൻ 2016' കീഴിൽ പ്രവർത്തിക്കുന്ന ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷൻ (HWF) ഏറ്റെടുത്തതായി അദ്ദേഹം കുടുംബത്തെ അറിയിച്ചു. ■

# അലി ബാകസീറിനെ അനുസ്മരിക്കുന്നു

**ബഹുമുഖ** പ്രതിഭ എന്ന വിശേഷണമാണ് അലി അഹ്മദ് ബാകസീറിന് (1910-1969) നന്നായി ഇണങ്ങുക. ഇന്തോനേഷ്യയിൽ ജനനം. കുട്ടിക്കാലം ചെലവഴിച്ചത് യമനിലെ ഹളറ മൗത്തിൽ. 24-ാം വയസ്സ് മുതൽ ഈജിപ്തിലായി സ്ഥിര താമസം. അറേബ്യൻ സർഗാത്മകതയുടെ സുവർണ കാലമായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതി. ഇക്കാലത്തെ അറബ് സാഹിത്യകാരന്മാരിൽ മുൻനിരയിലായിരുന്നു ബാകസീറിന്റെ സ്ഥാനം.



കയ്റോ യൂനിവേഴ്സിറ്റിയിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദത്തിന് പഠിക്കുമ്പോൾ തന്നെ അദ്ദേഹം ഷേക്സ്പിയറുടെ റോമിയോ ആന്റ് ജൂലിയറ്റ് അറബിയിലേക്ക് വിവർത്തനം ചെയ്തിരുന്നു. ബാകസീർ കൂടുതലെഴുതിയതും നാടകം തന്നെ. ഒപ്പം നോവലുകളും ചെറുകഥകളും സാഹിത്യ പ്രബന്ധങ്ങളും. അവസാന കാലത്തെഴുതിയതാണ് ഉമറുബ്നുൽ ഖത്വാബിനെക്കുറിച്ചുള്ള പതിനെട്ട് ഭാഗങ്ങളുള്ള ഇതിഹാസ സമാനമായ കൃതി. കഥകളിൽ ചിലത് സിനിമകളും ടെലിവിഷൻ പരമ്പരകളുമൊക്കെ ആയിട്ടുണ്ട്.

ഈ എഴുത്തുകാരന്റെ ഹൃദയ വേദനയാണ് ഫലസ്ത്വീൻ എന്ന് പറയാം. നോവലുകളിലും നാടകങ്ങളിലുമെല്ലാം അതിന്റെ അനുരണനങ്ങൾ കാണാം. 1948-ലെ ഫലസ്ത്വീൻ ദുരന്തം മുൻകൂട്ടി കണ്ട് 1945-ൽ അദ്ദേഹം എഴുതിയ നാടകമാണ് 'നവീന ഷൈലോക്ക്'. അദ്ദേഹത്തിന്റെ 'വാ ഇസ്‌ലാമാഹ്' എന്ന കൃതി 'കുളമ്പടികൾ' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. നാഷ്നൽ ബുക്സ്റ്റാൾ ആണത് പ്രസിദ്ധീകരിച്ചത്.

2010 ബാകസീറിന്റെ നൂറാം ജന്മ വാർഷികമാണ്. ഇതോടനുബന്ധിച്ച് അറബ് ലോകത്ത് വിവിധ

സാംസ്കാരിക പരിപാടികൾ അരങ്ങേറുന്നുണ്ട്. റാബിത്വത്തുൽ അദബിൽ ഇസ്‌ലാമി എന്ന കൂട്ടായ്മ ബാകസീർ കൃതികളെക്കുറിച്ച് ഒരു പഠന സെഷൻ സംഘടിപ്പിക്കുകയുണ്ടായി. ഈ വർഷാവസാനം യമനിലെ ഏദൻ യൂനിവേഴ്സിറ്റി വിപുലമായ രീതിയിൽ ബാകസീർ അനുസ്മരണ പരിപാടി സംഘടിപ്പിക്കുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് സാഹത്യകാരന്മാരും ഗവേഷകരും അതിൽ പങ്ക് കൊള്ളും. ■

## ഇസ്റാർ അഹ്മദിനെ ഓർക്കുമ്പോൾ

**1957-ലാണ്** സംഭവം. പാകിസ്താനിലെ പഞ്ചാബ് സംസ്ഥാനത്ത് അസംബ്ലി തെരഞ്ഞെടുപ്പ് നടക്കുന്നു. ജമാഅത്തെ ഇസ്‌ലാമിയും മത്സരിക്കുന്നുണ്ട്. തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപ്പോൾ നിരാശാജനകമായിരുന്നു ജമാഅത്ത് സ്ഥാനാർഥികളുടെ പ്രകടനം. വൈകാതെ പാർട്ടിക്കകത്ത് ഒരു ആശയസമരം രൂപപ്പെടാൻ തുടങ്ങി. തെരഞ്ഞെടുപ്പുകളിൽ ഇനി മത്സരിക്കേണ്ടതില്ല എന്ന് ഒരു വിഭാഗം വാദിച്ചു. പ്രശ്നം ചർച്ച ചെയ്യാൻ ജമാഅത്ത് 1958 ഫെബ്രുവരിയിൽ ഒരു അഖില പാകിസ്താൻ സമ്മേളനം വിളിച്ചു ചേർത്തു- പഞ്ചാബിലെ മച്ചിഗോട്ടിൽ. ജമാഅത്ത് അംഗങ്ങളാണ് അതിൽ പങ്കെടുക്കുന്നത്. ചർച്ച അഞ്ചു ദിവസം നീണ്ടു. തെരഞ്ഞെടുപ്പുകളിൽ ജമാഅത്ത് പങ്കെടുക്കരുതെന്ന് ശക്തമായി വാദിച്ചത് ഡോ. ഇസ്റാർ അഹ്മദ് ആയിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം മൂന്ന് മണിക്കൂർ നീണ്ടു. ഇതിനെ ഖണ്ഡിച്ചുകൊണ്ടും തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കാതെ ഇസ്‌ലാമിക പ്രസ്ഥാനത്തിന് മുന്നോട്ടു പോകാനാവില്ല എന്ന വസ്തുത ബോധ്യപ്പെടുത്തിക്കൊണ്ടും മൗലാനാ മൗദൂദി ആറ് മണിക്കൂർ പ്രസംഗിച്ചു.



ശേഷം, തെരഞ്ഞെടുപ്പിൽ പങ്കെടുക്കണമെന്ന പ്രമേയം വോട്ടിനിട്ടു. സന്നിഹിതരായ 1035 അംഗങ്ങളിൽ 1015 പേരും പ്രമേയത്തെ അനുകൂലിച്ചു. ഇതിൽ വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് ഡോ. ഇസ്റാർ അഹ്മദ്, മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി എന്നിവരും മറ്റു ഒമ്പത് അംഗങ്ങളും ജമാഅത്തെ ഇസ്‌ലാമിയിൽനിന്ന് രാജിവെച്ചു. തുടർന്ന് ഇസ്റാർ *തൻസീമെ ഇസ്‌ലാമി* എന്ന സംഘടനക്ക് രൂപം നൽകി. *മീസാഖ്, ഹിക്മത്തെ ഖുർആൻ* തുടങ്ങിയ മാഗസിനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഈയിടെ അന്തരിച്ച പ്രമുഖ ഇസ്‌ലാമിക പ്രബോധകനും ഖുർആൻ പണ്ഡിതനുമായ ഡോ. ഇസ്റാർ അഹ്മദ് ജമാഅത്ത് വിട്ടുപോകാനുണ്ടായ കാരണം വിശദീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കളിലൊരാളായ ശമീം എ സിദ്ദീഖി എഴുതിയ കുറിപ്പിലാണ് (*റേഡിയൻസ്* വാരിക, 2010 മെയ് 1) ഈ വിവരമുള്ളത്. ഖുർആന്റെ സന്ദേശ പ്രചാരണമായിരുന്നു ഇസ്റാറിന്റെ ജീവിതലക്ഷ്യം തന്നെ. ഏതു സാധാരണക്കാരനും മനസ്സിലാകുന്ന ഭാഷയിൽ അദ്ദേഹം നടത്തിയ ഖുർആൻ ദർസുകൾ ധാരാളമായി പ്രചരിക്കുന്നുണ്ട്. ശമീം എ. സിദ്ദീഖി മറ്റൊരു ആഗ്രഹം കൂടി പങ്കുവെക്കുന്നു: പാകിസ്താനിൽ ജമാഅത്തെ ഇസ്‌ലാമിയും തൻസീമെ ഇസ്‌ലാമിയും ഒത്തൊരുമയോടെ പ്രവർത്തിക്കണം. കാലഘട്ടത്തിന്റെ ആവശ്യമാണത്. തൻസീമെ ഇസ്‌ലാമിയുടെ പുതിയ അധ്യക്ഷൻ ഹാഫിസ് ആകിഫ് സഈദിന് അതിന് കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു അദ്ദേഹം. ■

## അടിമകളല്ല, വിമോചനപ്പോരാളികൾ

**കറുത്തവന്റെ** ചരിത്രം മുൻനിർത്തി ഒരു ഓർമപുതുക്കലുണ്ട് ഓരോ വർഷവും അമേരിക്കയിൽ. Black History Month എന്ന പേരിൽ ഫെബ്രുവരി മാസത്തിലാണ് ഈ ചടങ്ങ്. കാർട്ടർ ജി. വുഡ്സൺ എന്നൊരാൾ എഴുപത് വർഷം മുമ്പാണ് ഇത് തുടങ്ങിയത്. അമേരിക്കൻ ചരിത്രത്തിന് കറുത്ത വർഗക്കാർ നൽകിയ സംഭാവനകളാണ് ഇതിൽ അനുസ്മരിക്കപ്പെടുക.

അടുത്ത കാലത്തായി കൗൺസിൽ ഓൺ അമേരിക്കൻ-ഇസ്‌ലാമിക് റിലേഷൻസ് (CAIR),

മുസ്‌ലിം സ്റ്റുഡന്റ്സ് അസോസിയേഷൻ ഓഫ് അമേരിക്ക (MSA) തുടങ്ങിയ ഇസ്‌ലാമിക കൂട്ടായ്മകളും ഇതിൽ സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്. അടിമകളായി പിടിച്ചുകൊണ്ടുവരപ്പെട്ട ഒരു ജനവിഭാഗത്തിന്റെ പിൻമുറക്കാർ അമേരിക്കയിലെ മനുഷ്യാവകാശപ്പോരാട്ടങ്ങളുടെയും വർണ വിവേചന വിരുദ്ധ പ്രക്ഷോഭങ്ങളുടെയും മുന്നണിപ്പോരാളികളായി മാറിയതിന്റെ ചരിത്രം പുതുതലമുറയെ പഠിപ്പിക്കുകയും അവരിൽ ആത്മാഭിമാനം വളർത്തുകയുമാണ് കാമ്പയിന്റെ ലക്ഷ്യം. മുഹമ്മദലി ക്ലേ, മാൽകം എക്സ് (മലിക് ശഹ്ബാസ്) തുടങ്ങിയ മുസ്‌ലിം വ്യക്തിത്വങ്ങളാണ് കാര്യമായി അനുസ്മരിക്കപ്പെടുക.



■ *പ്രിൻസ് എമംഗ് സ്ലേവ്സ്* എന്ന ഡോക്യുമെന്ററിയിൽനിന്ന്

ഏതാനും വർഷം മുമ്പ് ചിക്കാഗോയിലെ WTTW-II ചാനൽ 'അടിമകൾക്കിടയിൽനിന്ന് ഒരു രാജകുമാരൻ' (Prince Among Slaves) എന്ന പേരിൽ ഒരു ഡോക്യുമെന്ററി നിർമിച്ചിരുന്നു. 1788-ൽ ഇന്നത്തെ ഗിനിയയിൽനിന്ന് അടിമയായി പിടിച്ചുകൊണ്ടുവന്ന അബ്ദുർറഹ്മാൻ ഇബ്റാഹീം സോരിയുടെ കഥയാണിതിൽ പറയുന്നത്. ഫുത്തജലൻ എന്ന രാജവംശത്തിൽ പിറന്ന രാജകുമാരനാണ് സോരി. ആഫ്രോ-അമേരിക്കൻ ജനവിഭാഗത്തിന്റെ സ്വാതന്ത്ര്യപ്പോരാട്ടങ്ങളുടെ ആദി പിതാവായി ഇദ്ദേഹം ഇന്നും ആദരിക്കപ്പെടുന്നു.

ആഫ്രിക്കയിൽനിന്ന് അടിമകളായി പിടിച്ചുകൊണ്ട് വന്നവരിൽ 20 ശതമാനമെങ്കിലും മുസ്‌ലിംകളായിരുന്നുവെന്ന് വ്യക്തമായിട്ടുണ്ട്. ഈ ചരിത്രത്തിന്റെ വേരുകൾ തേടിയുള്ള അന്വേഷണമാണ് അലക്സ് ഹേലിയുടെ *വേരുകൾ* (The Roots) എന്ന കൃതി. "ഈ വേരുകളെക്കുറിച്ച് പുതിയ തലമുറക്ക് അവബോധമുണ്ടാക്കുന്നതിനാണ് ഞങ്ങൾ കാമ്പയിൻ സംഘടിപ്പിക്കുന്നത്." അമേരിക്കയിലെ മനുഷ്യാവകാശ പ്രവർത്തകനായ ഇമാം സൈദ് ശാകിർ പറയുന്നു. "ചരിത്രത്തിൽ ഇരകളാക്കപ്പെട്ടവരാണ് കറുത്ത വർഗക്കാർ. മനുഷ്യനോട് കാണിക്കേണ്ട യാതൊരു ആദരവും അവർക്ക് ലഭിച്ചില്ല. അപ്പോഴൊക്കെയും വിമോചനത്തിന്റെയും ആത്മാഭിമാനത്തിന്റെയും പ്രതീക്ഷയായി അവർക്ക് മുമ്പിലുണ്ടായിരുന്നത് ഇസ്‌ലാം മാത്രമായിരുന്നു."

ഇന്ന് ആഫ്രിക്ക എന്ന് കേൾക്കുമ്പോൾ ആഭ്യന്തര യുദ്ധങ്ങളും എയ്ഡ്സ് എന്ന മാരക വ്യാധിയുമൊക്കെയാണ് ഒരാളുടെ മനസ്സിൽ ഓടിയെത്തുക. അടിമകളാക്കപ്പെട്ട കറുത്ത വർഗക്കാരുടെ സംസ്കാര സമ്പന്നമായ ഭൂതകാലത്തെ മറച്ചു പിടിക്കാൻ വേണ്ടി ബോധപൂർവം സൃഷ്ടിച്ചെടുത്ത ഒരു ഇമേജാണിത്. ഈ മീഡിയ ഇമേജ് പൊളിക്കുക എന്നതും കാമ്പയിന്റെ ലക്ഷ്യമാണ്. ■